**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1895 — 14.08.2017 ൽ മറുപടിക്ക്

**ആശുപത്രികളുടെ പദവി ഉയർത്തൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പി.ടി.എ. റഹീം<br>,, ആർ. രാജേഷ് : | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ടി സ്ഥാപനങ്ങളിൽ അകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, സൗകര്യങ്ങൾ ക്രമീകരിക്കുക, കമ്പ്യൂട്ടറൈസ്ഡ് ഒ.പി രെജിസ്റ്ററേഷൻ, മെച്ചപ്പെട്ട ഇരിപ്പിടം, കുടിവെള്ളം ,ടോയ് ലറ്റ് സൗകര്യം ,ജീവിത ശൈലി രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ പരിചരണം എന്നിവ ലഭ്യമാക്കുവാനുള്ള നടപടി നടന്നു വരുന്നു. . കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യമൊരുക്കുന്നതിനായി 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബ് സൗകര്യമൊരുക്കുന്നതിനായി 5 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | | |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി സി.എച്ച്.സി. കളെ താലൂക്ക് ആശുപത്രികളായി ഉയർത്തിയതായി പ്രഖ്യാപിച്ചെങ്കിലും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യാതിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ